വീക്ഷണം

# പുരികക്കൊടികൾ പാറുമ്പോൾ

**സുധീർ പണിക്കവീട്ടിൽ**



കാമ്പസ് പ്രണയങ്ങൾക്ക് തീവ്രത കൂടുമെങ്കിലും അതിനൊക്കെ ആയുസ്സ് കുറവാണു. അവരുടെ പ്രണയചാപല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ട കാര്യവുമില്ല. പ്രേമം തലക്ക് പിടിച്ചാൽ പിന്നെ പരിസരബോധം മറന്നു പോകുന്നവരാണു കമിതാക്കൾ. പ്രത്യേകിച്ച് കൗമാരപ്രായക്കാർ. ചുറ്റും നടക്കുന്നത് ഭാഗവതപാരായണമോ, ഗീത/അല്ലെങ്കിൽ ബൈബിൾ പ്രഭാഷണമോ, അഷ്ടപതിയോ, പൂജയോ ആരാധനയോ എന്നൊന്നും അവർ അറിയാറില്ല. അതിനൊക്കെ കാരണം ഒഴിയാത്ത ആവനാഴിയിൽ നിന്നും കാമദേവൻ തൊടുത്തുവിടുന്ന പൂവമ്പുകളാണെന്നാണ് പുരാണങ്ങൾ പറയുന്നത്. അദ്ദേഹം കരിമ്പിൻെറ വില്ലൊക്കെ കൂടെ കൊണ്ടു നടക്കുമെങ്കിലും ചിലപ്പോൾ സുന്ദരിമാരുടെ കൺപുരികങ്ങൾ വില്ലായി

ഉപയോഗിക്കാറുണ്ട്. പ്രേമം വന്നു തറയ്ക്കുന്നത് കരളിലോ, കണ്ണിലോ, കാതിലോ എവിടെയായാലും ആ വിവരം അതിനുത്തരവാദിയായവനെ അറിയിക്കാൻ പല മാർഗങ്ങളും കന്യകമാർ ഉപയോഗിക്കുന്നു.

കാലിൽ ദർഭമുന കൊണ്ടുവെന്ന നാട്യേന നിഷ്ക്കളങ്കയായ ഒരു മുനികുമാരി രണ്ടു നാലടി നടന്നതിനു ശേഷം നിന്നു. ഒന്നു തിരിഞ്ഞ് നോക്കാൻ. പ്രിയം തോന്നിയവനെ ഒരു നോക്കു കാണാൻ. പ്രശസ്ത ചിത്രകാരൻ രവിവർമ്മ അതു ചിത്രമായി വരച്ച് വച്ചെങ്കിലും അക്കാലത്ത് അതു കണ്ടവർ ചുരുക്കം.അതേക്കുറിച്ച് വായിച്ചവർ ആ രംഗം ഭാവന ചെയ്തു മനപ്പായസം കുടിച്ചു. ഇന്നു ദ്രുശ്യമാധ്യമങ്ങൾ നമ്മുടെ മുന്നിൽ ഉരുളിയോടെ മധുരപായസം നിറച്ച് വച്ചിരിക്കയാണു. നമുക്ക് ആലോചിച്ച് മനസ്സിൽ അതു പാകം ചെയ്യേണ്ട കാര്യമില്ല. അന്നു ഈ സോഷ്യൽ മീഡിയകൾ ഉണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി.

ഇപ്പോഴിതാ ഒരു സിനിമക്ക് വേണ്ടി ചിത്രീകരിച്ച രംഗത്തിൽ കൺപുരികങ്ങളെ കൊണ്ട് ഒരു പെൺകുട്ടി അവളിഷ്ടപ്പെടുന്ന ആൺകുട്ടിക്കുവേണ്ടി കൺപുരിക പീലികൊണ്ട് സന്ദേശം കൊടുക്കുന്നത് *സോഷ്യൽ മീഡിയയിൽ (സമൂഹ മാധ്യമത്തിൽ) *വൈറൽ (അതിവേഗം പ്രചരിക്കുന്നു) ആകുന്നു. (*ചില വാക്കുകൾ മലയാളത്തിൽ ഉപയോഗിക്കുന്നതിനെക്കാൾ നിലവിലുള്ള സംസാര ഭാഷയിൽ പറയുന്നത് കൂടുതൽ വ്യക്തത ഉണ്ടാക്കും.) ആ ദ്രുശ്യം കണ്ടവരുടെ സംഖ്യ 65 ലക്ഷം കവിഞ്ഞുവെന്നു നമ്മളെ മീഡിയകൾ തന്നെ അറിയിക്കുന്നു. ഒരു രാത്രികൊണ്ട് സിനിമയിലെ അഭിനേതാക്കളും പാട്ടും പ്രശസ്തി കൈവരിക്കുന്നു. എന്നാൽ അഭിമാനകരമായ ഒരു പ്രശസ്തിയല്ലായിരുന്നു അത്. ചില മുസ്ലീം മതമൗലികവാദികൾ പ്രസ്തുത ഗാനവും ആ ഗാനം നടക്കുമ്പോൾ കാണിക്കുന്ന ദ്രുശ്യവും പ്രവാചകനെ നിന്ദിക്കുന്നതാണെന്നു ആരോപിക്കയും ഹൈദ്രാബാദിലേയും മുമ്പായിലെയും മത വിശ്വാസികൾ സിനിമ സംവിധായകനും അഭിനേത്രിക്കും എതിരെ കോടതിയിൽ കേസ് കൊടുക്കുകയും ചെതപ്പോൾ ഒരു സിനിമ ദ്രുശ്യവും പാട്ടും മതനിന്ദയായി പരിണമിച്ചു.

കോളേജിലെ വാർഷികാഘോഷവേളയിൽ കുറെ കുട്ടികൾ സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ പാട്ടു പാടുന്നു. ഈ പാട്ടു 1978ൽ എഴുതപ്പെട്ടതും മലബാറിലെ കല്യാണസദസ്സുകളിലും മറ്റു പരിപാടികളിലും പാടാറുള്ളതുമാണ്. കേരളത്തിലെ ജനങ്ങൾ ജാതിമത ഭെദമെന്യേ അതിനെ നെഞ്ചോടു ചേർത്തു. പാട്ടിന്റെ വരികൾ താഴെ കൊടുക്കുന്നു. ഈ പാട്ടു അരങ്ങിൽ മുഴങ്ങുമ്പോൾ സദസ്സിലിരിക്കുന്ന കുട്ടികൾ മുഴുവൻ അതു ശ്രദ്ധിക്കുന്നില്ല. അവർ കൂട്ടുകാരുടെ സാമീപ്യത്തിൽ സന്തോഷം പങ്കിടുകയാണു. അക്കൂട്ടത്തിൽ ചിലർ പ്രേമാർദ്രരാകുന്നു. അവരുടെ കൺപീലികളിൽ നിന്നും പ്രണയാഭ ചൂടുന്ന പൂമ്പാറ്റകൾ പറന്നുപോകുന്നു. കൺപുരികങ്ങൾ പ്രണയധനുസ്സുകളാകുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഒരു അഭിനേത്രി പുരികത്തുമ്പാലെയ്ത മാരശരങ്ങൾ ചെന്നു തറച്ചത് അവളുടെ പ്രിയനിലല്ല മറിച്ച് അതു കണ്ടു നിന്നവരിലാണു. അവളുടെ ചുണ്ടിൽ അടക്കിയ ചിരിയുടെ ശക്തിയാൽ ഇളകിയ നയനങ്ങൾ ഒരു മാത്ര നേരം അടഞ്ഞ്പോയതും കണ്ട് ആവേശഭരിതരായത് കാണികളാണു. വാസ്തവത്തിൽ ഗായകസംഘത്തിന്റെ പാട്ടിലൊന്നുമല്ലായിരുന്നു അവിടെകൂടിയ രണ്ടു കുട്ടികളുടെ ശ്രദ്ധ. അവർ അവരുടെ സാങ്കൽപ്പികലോകത്തിൽ പാറി പറക്കുകയായിരുന്നു. എന്നാൽ അതു പാട്ടിന്റെ വരികൾക്കൊപ്പം നടീനടന്മാർ നടിക്കയായിരുന്നു എന്ന തെറ്റിദ്ധാരണ സമൂഹത്തിലെ

മതമൈത്രിയെ ഉലക്കുകയാണുണ്ടായത്. ആ ആവിഷ്ക്കാരത്തെ അനുകൂലിക്കാതെ തങ്ങളുടെ വിശ്വാസങ്ങൾക്ക് മുറിവേറ്റുവെന്നു കരുതുകയും എതിർപ്പുകൾ ഉന്നയിക്കയും ചെയ്തു. തീരെ ചിന്തിക്കാത്തവർ ആ ആൺകുട്ടിയും പെൺകുട്ടിയും നബിയും സയ്യിദ് ഖദീജയാണെന്നു കരുതി. ആ പാട്ടിൽ പ്രവാചകനേയും ഭാര്യയേയും നിന്ദിക്കുന്നു എന്നു ചിലർ കരുതി. ഈ പ്രശ്നങ്ങളൊന്നും തന്നെ നമ്മുടെ കേരളനാട്ടിൽ നിന്നല്ല ആദ്യമുണ്ടായത്. മലയാളം അറിയാത്ത തെലുങ്കന്മാരും മറാത്തികളുമാണു പൊല്ലാപ്പുകൾ വരുത്തി വച്ചത്. അതു ഒരു പക്ഷെ പാട്ടു മൊഴിമാറ്റം ചെയ്തവർ ശ്രദ്ധിക്കാതെ പോയത്കൊണ്ടാകാം. വിലസുക എന്ന മലയാളവാക്കിനു flirt എന്നു ഇംഗ്ലീഷിൽ പരിഭാഷ ചെയ്യാം. അതേപോലെ മോഹം എന്ന പദത്തിനും ഇംഗ്ലീഷിൽ .lust.... എന്നു പരിഭാഷ ചെയ്യാം. വർഷങ്ങൾക്കു മുമ്പ് ജിമ്മി കാർട്ടർ പ്രസിഡണ്ടായിരുന്നപ്പോൾ അദ്ദേഹം റഷ്യയിൽ പോയി പ്രസംഗിച്ചതും അതു ദ്വിഭാഷി പരിഭാഷ ചെയ്തതും പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത് വായനക്കാരിൽ ചിലർ ഓർമ്മിക്കുന്നുണ്ടാകും. ഞാൻ ഇന്നു രാവിലെ അമേരിക്കയിൽ നിന്നും പുറപ്പെട്ടു എന്നു അദ്ദേഹം I left America this morning എന്നു ഇംഗ്ലീഷിൽ പറഞ്ഞത് പരിഭാഷ ചെയ്തയാൾ ലെഫ്ട് എന്ന വാക്കിൻെറ അർത്ഥം ഉപേക്ഷിക്കുക എന്നർത്ഥത്തിൽ abandoned എന്ന വാക്കുപയോഗിച്ച് I abandoned America this morning എന്നു പരിഭാഷ ചെയ്തു.

മാണിക്യ മലരായ പൂവി
മഹതിയാം ഖദിജ ബീവി
മക്കയെന്ന പുണ്യ നാട്ടിൽ
വിലസിടും നാരി, വിലസിടും നാരി
ഹാത്തിമ്മുനഭിയെ വിളിച്ച്
കച്ചവടത്തിന്നയച്ച്
കണ്ട നേരം ഖൽബിനുള്ളിൽ
മോഹമുദിച്ചു മോഹമുദിച്ചു
കച്ചവടവും കയിഞ്ഞ്
മുത്ത് റസൂലുള്ള വന്ന്
കല്ലിയാണാലോചനയ്ക്കായി
ബീവി തുനിഞ്ഞു ബീവി തുനിഞ്ഞു

പാട്ടിലെ വരികളിൽ പ്രവാചകനെയോ അദ്ദേഹത്തിൻെറ ഭാര്യയായ സയ്യിദ ഖദിജയേയൊ നിന്ദിക്കുന്നില്ല. (സയ്യിദ എന്ന വാക്ക് സമുന്നതയായ എന്നർത്ഥത്തിൽ ബഹുമാന്യരായ സ്ത്രീകളുടെ പേരിനു മുന്നിൽ ചേർക്കുന്ന അറബി പദം). സയ്യിദ ഖദിജയെ അമീരറ്റ് ഖുരായിഷ് (ഖുരായിഷിലെ രാജകുമാരി) അൽ തഹിര – പരിശുദ്ധ എന്നൊക്കെയാണു വിശേഷിപ്പിച്ചിരുന്നത്. അവർ സുന്ദരിയും ധനാഢ്യയും ആയിരുന്നു. തൻെറ അച്ചടക്കവും ഒതുക്കവും ആർജ്ജവവും കച്ചവടത്തിനുവേണ്ടി വിട്ടുവീഴ്ച്ച ചെയ്യാൻ അവർ ഒരുക്കമായിരുന്നില്ല. അവർ ഒരു വിധവയായതിനാൽ തൻെറ കച്ചവടം നടത്തിക്കൊണ്ടുപോകാൻ സത്യസന്ധനായ ഒരാളെ അന്വേഷിക്കുമ്പോഴാണു അവർ

സത്യസന്ധനായ മുഹമ്മദിനെപ്പറ്റി കേൾക്കുന്നതും അയാളെ തൻെറ കച്ചവടത്തിൽ സഹായിക്കാൻ ക്ഷണിക്കുന്നതും. അന്നു അദ്ദേഹം നബിയായിട്ടില്ല. എങ്കിലും പാട്ടിൽ ഹാത്തിംനബിയെ (അർത്ഥം അവസാനത്തെ പ്രവാചകൻ) എന്നു വിശേഷിപ്പിച്ചിട്ടുണ്ടു. സുന്ദരനായ അദ്ദേഹത്തെ കണ്ടനേരം സയ്യിദ ഖദിജയിൽ മോഹമുദിച്ചു. മോഹമുദിച്ചത് നബിക്കല്ല. കച്ചവടം കഴിഞ്ഞുവന്നപ്പോൾ അവർ അവരുടെ മിത്രം വഴി കല്യാണം ആലോചിച്ചു. ഇത്രയുമേ ഈ പാട്ടിൽ വിവരിക്കുന്നുള്ളു. ഇതിൽ യാതൊരു മതനിന്ദയുമില്ലെന്നാണു സാധാരണ വായനക്കാരായ നമുക്കൊക്കെ തോന്നുക. പ്രസ്തുത ഗാനാലാപന സമയത്ത് ഒരാൺകുട്ടിയും പെൺകുട്ടിയും കടാക്ഷവിക്ഷേപങ്ങൾ നടത്തി അതു ഇസ്‌ലാമിനു എതിരാണെന്ന വാദഗതിയും വന്നു. ഇസ്ലാം മതപ്രകാരം സ്ത്രീലിംഗക്കാർ പർദ്ദ ധരിക്കണം നടക്കുമ്പോൾ ശരീരഭാഗങ്ങൾ കുലുങ്ങുവിധം നടക്കരുതെന്നൊക്കെയാണ്. ഭാരതം മതേതര രാഷ്ട്രമാകുമ്പോൾ ഒരു മതത്തിൻെറ സംഹിതകൾ എല്ലാവരും പാലിക്കണമെന്നു നിർബന്ധിക്കുന്നത് ന്യായമല്ലല്ലോ. എതിർലിംഗക്കാരോടു തോന്നുന്ന പ്രണയവും, ഇഷ്ടവും, അടുപ്പവുമൊക്കെ ദൈവവിരോധമുണ്ടാക്കുമെന്ന ധാരണ മനുഷ്യരിൽ കുത്തിവച്ചവൻ ആരായാലും ആൾ സമർത്ഥനായ ഒരു ജനദ്രോഹി തന്നെ. ഇന്നും ആ കുത്തിവയ്പ്പിലെ ബാക്ടീരിയകൾ സജീവമായി മനുഷ്യ സമൂഹത്തിൽ സാംക്രമികമായി പടരുന്നു.

**ശുഭം**